**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **11-10-2024 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് സ്നേഹദീപം ബഡ്സ് സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാന്റായി ലഭിച്ചിരുന്ന തുകയിൽ ഗണ്യമായ കുറവ് വന്നതിനാൽ കൂത്തുപറമ്പ് നഗരസഭയിൽ പ്രവർത്തിക്കുന്ന സ്നേഹദീപം ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ഏറെ പ്രയാസകരമായി മുന്നോട്ട് പോവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗ്രാന്റ് തുകയിലുള്ള ഗണ്യമായ കുറവ് കാരണം നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ സമീപ പഞ്ചായത്തായ കോട്ടയം ഗ്രാമപഞ്ചായത്തിലെ 11 കുട്ടികൾക്ക് പ്രസ്തുത സ്കൂളിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കുമോ; | (ബി) | കോട്ടയം ഗ്രാമ പഞ്ചായത്തിൽ നിന്നും ബഡ്സ് കുട്ടികളുടെ സ്കോളർഷിപ്പിനു വേണ്ടി മാറ്റിവച്ച തുകയിൽ നിന്ന് ഒരു കുട്ടിക്ക് 1,000/- രൂപ പ്രകാരം (ഒരു മാസം) അനുവദിച്ച് തരാമെന്നുള്ള കത്തിൻ പ്രകാരം കൂത്തുപറമ്പ് മുൻസിപ്പാലിറ്റി, കോട്ടയം പഞ്ചായത്തിലെ കുട്ടികളെ നിലവിൽ കൂത്തുപറമ്പ് ബഡ്സ് സ്കൂളിലേക്ക് കൊണ്ടുവരുന്നുണ്ട്. |
| (സി) | സർക്കാർ പ്രത്യേക പരിഗണന നൽകി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇത്തരം ബഡ്സ് സ്കൂളുകളുടെ നിലനിൽപ്പിന് സഹായകരമാവുന്ന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | മാനസിക വളർച്ചയെത്താത്ത പാവപ്പെട്ട മുഴുവൻ കുട്ടികൾക്കും ബഡ്സ് സ്കൂളിൽ പ്രവേശനം ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ